LIBRARY ARCHIVES Kerala Legislative Assembly

സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം

196 (3707) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് വഴിയാക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശിപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പോലീസ് വകുപ്പിലെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും സംബന്ധിച്ചുള്ള പരാതികൾ പഠിച്ചു പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്.

(ബി) ഇല്ല.

കൊലപാതക കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

197 (3708) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ, അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനംതിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു: